High range colonisation

*716. [20] ശ്രീ. ടി. മുരുകേസൻ: കീഴ് കാണും വിഷയത്തെക്കുറിച്ച് പിന്നോക്ക സമുദായ മന്ത്രിമി അവർകൾ ദയവായി പറയുമോ:

(എ) കേരള സമസ്ഥാനത്തിൽ ഹൈറേഞ്ച് കോളനൈസേഷൻ സ്കീമിൽ എത്ര പേരുക്കു എത്ര ഏക്കർ നിലം ഇതുവരെ കൊടുക്കപ്പെട്ടിരിക്കുന്നുവെന്നും, 14-5-58-ൽ 1,60,338 രൂപായ്കൾ കടമായി കൊടുക്കപ്പെട്ടിരുന്നതിൽ ഇതുവരെ എത്ര പേരിൽനിന്നു എത്ര രൂപായ് വസൂലാക്കിയിരിക്കുന്നുവെന്നും, എത്ര പേർ കൈമാറ്റം നടത്തിയിരിക്കുന്നുവെന്നും, എത്ര പേർ സ്ഥലം വിട്ടുപോയിരിക്കുന്നുവെന്നുമുള്ള വിവരങ്ങൾ മേശമീതു വെക്കുമോ;

(ബി) കൈമാറ്റം ചെയ്തവരുടെ പേരിലും സ്ഥലം വിട്ടുപോയിരിക്കുന്നവരുടെ പേരിലും എന്തു നടപടിയാണു സ്വീകരിച്ചിരിക്കുന്നതു;

(സി) ഈ ഭൂമികളിൽ കുടിയിരിപ്പുകാരുടെ അവകാശം റദ്ദു ചെയ്തിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹൈറേഞ്ച് കോളനൈസേഷൻ സ്കീം അനുസരിച്ച്, 1777 പേർക്ക് 8747 ഏക്കർ ഭൂമി കൊടുത്തിട്ടുണ്ട്. 14-5-1958 വരെ 1,49,155 രൂപ വിതരണംചെയ്തിട്ടുണ്ട്. അതിൽ എത്ര രൂപ മടക്കിയടച്ചു എന്നുള്ള വിവരം ശേഖരിച്ചു വരുന്നു. 31 പേർ ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്. 217 പേർ ഭൂമി ഉപേക്ഷിച്ചു പോയിക്കഴിഞ്ഞു.

(ബി) നടപടി എടുത്തു വരുന്നു.

(സി) അങ്ങനെയുള്ള കോളനിക്കാരുടെ അവകാശം ക്യാൻസൽ ചെയ്തിട്ടുണ്ട്: ബാക്കിയുള്ളതു ക്യാൻസൽചെയ്യാൻ നടപടി എടുത്തു വരുന്നു.

ശ്രീ. എം. എം. സുന്ദരം: കുറെ ആളുകൾ ഭൂമി ഉപേക്ഷിച്ചു പോയി എന്നു പറഞ്ഞുവല്ലോ? ഈ ഭൂമി അവർക്കു ഉപകാരപ്രദമല്ലാത്തതുകൊണ്ടല്ലേ അവർ ഉപേക്ഷിച്ചുപോയതു്?

ശ്രീ. കെ. കുഞ്ഞമ്പു: പലകാരണങ്ങൾ കൊണ്ടും പോയിട്ടുണ്ട്. ലോൺ കുടിശ്ശികയും ഉള്ള ഭൂമി മറ്റുള്ള ആളുകൾക്കു വിറ്റുകഴിഞ്ഞിട്ടു് അവിടം വിട്ടു പോയിട്ടുണ്ടു്. അവരെ അന്വേഷിച്ചുകണ്ടുപിടിക്കുവാൻ പ്രയാസമാണു്.

ശ്രീ. എം. എം. സുന്ദരം: മൂന്നു കൊല്ലത്തിനകം ഈ ഭൂമി അവർക്കു പട്ടയം പതിച്ചുകൊടുക്കാമെന്നും അതിനുവേണ്ട നടപടികളും സ്വീകരിക്കാമെന്നും മന്ത്രി ഉറപ്പു തന്നിരുന്നതാണു്. എന്നാൽ ഇപ്പോൾ യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. അതിനു കാരണം എന്താണു്?

ശ്രീ. കെ. കുഞ്ഞമ്പു: ഈ കോളനിയിൽ ഉള്ള ആളുകൾക്കു 20 ലക്ഷം രൂപ വായ്പയായി കൊടുത്തിട്ടുണ്ടു്. പട്ടയം പതിച്ചുകൊടുക്കുകയാണെങ്കിൽ അവരെല്ലാം ഇതു കൈമാറ്റം ചെയ്തു ഈ സംഖ്യ തിരിച്ചടയ്ക്കുന്നതിനുമുമ്പു ഭൂമി വിട്ടുപോകുമെന്നു കരുതിയാണു് പട്ടയം പതിച്ചുകൊടുക്കാതിരിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഈ വിധത്തിൽ കൊടുക്കുന്ന ഭൂമികൾ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വിധത്തിൽ നിയമങ്ങൾ ഉണ്ടായിരിക്കെ ഇങ്ങനെ കൈമാറ്റം ചെയ്യുന്നതു തടയാൽ ഗവണ്മെൻറിനെക്കൊണ്ടു കഴിയാതെ വരുന്നതു എന്തുകൊണ്ടാണെന്നു പറയാമോ? അപൂർവ്വം ചില ആളുകൾ കൈമാറിപ്പായി എന്നതുകൊണ്ടു് ആകെ പട്ടയം കൊടുക്കാതിരിക്കുന്നതു് യോഗ്യതയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: ഏകദേശം 26 ലക്ഷം രൂപ ലോണായി കൊടുത്തിട്ടുണ്ടു്. കൂടാതെ കാർഷികാദായവായ്പ, വീടുവയ്ക്കാനുള്ള വായ്പ,

LIBRARY ARCHIVES Kerala Legislative Assembly

കന്നുകാലിവായ്പ തുടങ്ങിയവയും നൽകുന്നുണ്ട്, ഇതെല്ലാം തിരിച്ചടയ്ക്കേണ്ടതാണ്. ഇപ്പോഴും അധികവും അങ്ങനെ വിട്ടുപോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതുകൊണ്ട് കഴിയുന്നതും വേഗം പട്ടയം പതിച്ചുകൊടുക്കണമെന്ന ഗവണ്മെൻറിനു വിചാരമുണ്ട്.

ശ്രീ. ഓ. കോരൻ : ഏകദേശം 217 പേർ ഭൂമി വിട്ടുപോയി എന്നു പറയുകയുണ്ടായി. ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ? ഇനിയെങ്കിലും നല്ലനിലയിൽ വരുന്നതിനുവേണ്ടി ഈ കാളനി സഹകരണാടിസ്ഥാനത്തിൽ നടത്താൻ വേണ്ട നടപടികളും കൈക്കൊള്ളുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ സഹകരണാടിസ്ഥാനത്തിൽ കാളന നടത്തേണ്ട യാതൊരു ആവശ്യവുമില്ല. ഇതിനു കാളനി എന്ന പേരിൽ പ്രത്യേകമായ പല സൗജന്യങ്ങളും നൽകുന്നുണ്ട്. അതുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ നടത്തേണ്ട യാതൊരാവശ്യവും ഈ കാളനിയെ സംബന്ധിച്ചില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പുതിയ കാർഷിക പരിഷ്കരണ നിയമം നടപ്പിൽ വരുന്നതോടുകൂടി വസ്തുക്കളും ഒഴിപ്പിച്ചെടുക്കുവാൻ അവകാശം കൊടുത്തിരിക്കുന്ന സ്ഥിതിക്ക് കിടപ്പാടം ഇല്ലാത്തവരുടെ സംഖ്യ അനേകലക്ഷമായി വർദ്ധിച്ചുവരുന്നതുകൊണ്ട് ഇവർക്ക് അധികമുള്ള വനപ്രദേശങ്ങളും കിടപ്പാടം വച്ചുകെട്ടുന്നതിനായി വിട്ടുകൊടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ): നേരത്തെ ഇതിനു മറുപടി പറഞ്ഞു കഴിഞ്ഞതാണ്. അങ്ങനെ വനം പതിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇവിടുള്ള ആളുകൾക്കു കൊടുത്തിട്ടുള്ള ലോണും, മറ്റും തിരിച്ചടയ്ക്കേണ്ടതാണെന്നു പറഞ്ഞു. ഇതിൽ പല ആവശ്യങ്ങൾക്കുംവേണ്ടി കൊടുത്തിട്ടുള്ള ലോൺ നശിച്ചുപോയിട്ടുണ്ട്. ഉദാഹരണമായി കന്നുകാലികളെ വാങ്ങാൻ വേണ്ടി കൊടുത്തിട്ടുള്ളതും, അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻറുസ് വാങ്ങാൻവേണ്ടി കൊടുത്തിട്ടുള്ളതും. ഇതൊക്കെ റൈറ്റ് ഓഫ് ചെയ്യാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇതെല്ലാം റൈറ്റ് ഓഫ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ വേറെ ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി നൂറു രൂപ വരെയുള്ള ലോൺ രണ്ടു ഗഡുക്കളായി അടച്ചാൽ മതി എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സെറ്റിൽമെൻറു കാളനി ഉണ്ടാക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾ പലരും മറ്റുള്ള ആളുകൾക്കു ഭൂമി കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ളതു കൈമാറ്റം വാങ്ങിയ ആളുകൾക്കു മറ്റു ഭൂമിയില്ലെങ്കിൽ പതിച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു ; സ്വന്തമായി ഭൂമിയില്ലെങ്കിൽ ഓരോ വ്യക്തികളുടേയും കാര്യം പ്രത്യേകം പരിശോധിച്ചു പരിഗണിക്കുന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ് : പട്ടം കാളനിക്കുവേണ്ടി 26 ലക്ഷം രൂപ വായ്പ കൊടുത്തുവെങ്കിലും ജലദൗർലഭ്യം, മറ്റു പലതരത്തിലുള്ള ബുദ്ധിമുട്ട് ഇവ കാരണം ജീവിതം തന്നെ അസാദ്ധ്യമാണെന്നുള്ളതുകൊണ്ട് അവിടെ താമസിക്കുന്ന ആളുകൾ എല്ലാക്കാലത്തും പ്രക്ഷോഭണം കൂട്ടികൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇനിയെങ്കിലും പണം കൊടുക്കുന്നതിനു മുമ്പ് മനുഷ്യർക്കു താമസിക്കുവാൻ പറ്റുന്ന സ്ഥലമാണോ എന്നു ഒരു അന്വേഷണം നടത്തിയിട്ടു പണം കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : പട്ടം കാളനിയിൽ ഈ മാതിരി പ്രക്ഷോഭണമൊന്നും ഉണ്ടായിട്ടില്ല. അവിടം താമസത്തിനു ഏറ്റവും പറ്റിയ സ്ഥലമാണു്. നല്ല റോഡുകളും സ്കൂളുകളും ഉണ്ടു്. ആശുപത്രിയുണ്ടു്. കുടിക്കുവാൻ വേണ്ട വെള്ളവും കിട്ടുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ സംഭവിക്കുന്ന പല കാര്യങ്ങളും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെടാറില്ല. അതുമാതിരി പട്ടം കാളനിയുടെ കാര്യവും പെട്ടിട്ടില്ല. ഈ ഗവണ്മെൻറിന്റെ ദൃഷ്ടി എന്നു പറയുന്നതു എന്തിനെയാണു്?

മി. സ്പീക്കർ : അതൊരു ടെക്നിക്കൽ ചോദ്യമാണു്.

മത്സ്യത്തൊഴിലാളികൾക്കു് ഭവനനിർമ്മാണം.

* 717. [21] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽ മത്സ്യത്തൊഴിലാളികൾക്കു് ഭവനനിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചു ;

(ബി) അവർക്കുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ എത്ര വനങ്ങൾ നിർമ്മിച്ചു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 1963-64 വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്കു് ഭവനനിർമ്മാണത്തിനായി 60,497 രൂ. ചെലവഴിച്ചു.

(ബി) 20 വീടുകൾ പൂർത്തിയായി. 130 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

ശ്രീ. എൻ. എസ് കൃഷ്ണപിള്ള : ഇങ്ങനെ കൊടുക്കുന്ന ആനുകൂല്യം ഈ രാജ്യത്തുള്ള എല്ലാവർക്കും കിട്ടുന്നുണ്ടോ ? വൈക്കത്തുള്ള മത്സ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : വൈക്കത്തു് 59 വീടുകളുടെ പണി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. സി. എം. കുട്ടി : 20 വീടുകൾ പൂർത്തിയായി എന്നു പറഞ്ഞു. പത്തു വീടുകൾ പൊളിഞ്ഞിട്ടുണ്ടായിരുന്നു. അതുകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? പൊളിഞ്ഞ വീടുകളെ സംബന്ധിച്ചു് എന്തു നിലപാടാണു് ഗവണ്മെൻറു കൈക്കൊണ്ടിട്ടുള്ളതു് ?

ശ്രീ. കെ. കുഞ്ഞമ്പു : പൊളിഞ്ഞ വീടല്ല ഉദ്ദേശിച്ചിരിക്കുന്നതു്. പൊളിഞ്ഞതു വീണ്ടും കെട്ടുവാൻ പണി ആരംഭിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസവകുപ്പു പുനഃസംഘടന

* 718. [23] ശ്രീ. കെ. ടി. തോമസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പു പുനഃസംഘടിപ്പിക്കുന്നതിനു് നിയമിച്ചിട്ടുള്ള സ്പെഷ്യലാഫീസർ ആരു് ;

(ബി) എന്നു നിയമിച്ചു; റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞോ ;

(സി) എങ്കിൽ പുനഃസംഘടനയുടെ സാമാന്യരൂപം വെളിപ്പെടുത്താൻ ദയവുണ്ടാകുമോ ?

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly